

കേരള സ® ക്കാ®

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉഴവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോ® ട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in
ഫോ® : 0481-2564886

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെഎസ്എകെടിഎം-പി4/992/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/08/2024
ഇ-മെയി® :
doktm.ksad@kerala.gov.in
ഫോ® : 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ : കെഎസ്എകെടിഎം-പി4/992/2024 തീയ്യതി: 12/08/2024

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-05-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽ കിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾ പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽ കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾ പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബീനാകുമാരി സി ആർ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	12-06-2024	20-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-06-2024	20-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ
സുമേഷ് പി വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

(ബി)നിർ വഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജോണിസ് പി സ്റ്റീഫൻ	പ്രസിഡന്റ്	01-04-2023	15-05-2023
ശ്രീമതി. ഏലിയാമ്മ കുരുവിള	പ്രസിഡന്റ്	16-05-2023	02-06-2023
ശ്രീ. തങ്കച്ചൻ കെ എം	പ്രസിഡന്റ്	03-06-2023	31-03-2024
ശ്രീ. സുനിൽ എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർ വ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സുരേഷ് കെ ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
പാർവതി ആർ	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	01-04-2023	09-04-2023
പ്രജിത പ്രകാശ്	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	10-04-2023	30-06-2023
സാനിയ വി ജെയിംസ്	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	01-07-2023	31-08-2023
തെരേസ അലക്സ്	കൃഷി ഓഫീസർ	01-09-2023	31-03-2024
അനുമോൾ രാജു	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ജെസ്സി ജോയ് സെബാസ്റ്റ്യൻ	സൂപ്രണ്ട്, കെ ആർ എൻ എം എസ്, ഉഴവൂർ	01-04-2023	01-08-2023
ഡോ. രാജേഷ് വി ആർ	മെഡിക്കൽ ഓഫീസർ, കെ ആർ എൻ എം എസ്, ഉഴവൂർ	02-08-2023	01-03-2024
ഡോ. സിതാര സി ജെ	സൂപ്രണ്ട്, കെ ആർ എൻ എം എസ്, ഉഴവൂർ	02-03-2024	31-03-2024
ഡോ. സജേഷ് മാത്യു	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. അശ്വതി ധർ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	25-10-2023
ഡോ. രമ്യ രാമൻ നായർ	മെഡിക്കൽ ഓഫീസർ, ഹോമിയോ (ഇൻ ചാർജ്ജ്)	26-10-2023	01-11-2023
ഡോ. ഡാനി ഫെർഡിനന്റ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	02-11-2023	31-03-2024

ഡോ. ശ്രീനാഥ് ഡി എസ്	വെറ്റിനറി സർജൻ	01-04-2023	30-06-2023
ഡോ. പ്രവീണ ബാബു	വെറ്റിനറി സർജൻ (ഇൻ ചാർജ്ജ്)	01-07-2023	24-11-2023
ഡോ. ഷീലു എൻ ലക്ഷ്മണൻ	വെറ്റിനറി സർജൻ	25-11-2023	31-03-2024
ഗൗരിപ്രിയ കെ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
സൗമ്യ സെബാസ്റ്റ്യൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
പ്രേമോൾ ദാസ്	ഫിഷറീസ് ഓഫീസർ	01-04-2023	31-03-2024
റൂബി ജോൺ	ഹെഡ്മിസ്ട്രസ്	01-04-2023	10-10-2023
ഫേബ എം ജോസ്	ഹെഡ്മിസ്ട്രസ്	11-10-2023	31-03-2024
ലിഷ പി ജോസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മോനിപ്പള്ളി	01-04-2023	31-03-2024
കപിൽ കെ.എ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഉഴവൂർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-3
5	മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം തൻ വർഷം Prior Period Income ആയി ക്രമീകരിച്ചു	1-1-4
6	റോഡ് സംരക്ഷണ ഗ്രാന്റ് - ACR പ്രകാരമള്ള ചെലവ്,നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല	1-1-5
7	ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം	1-1-6
8	ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല	1-1-7
9	കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-8
10	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-9
11	വാടക- ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-10
12	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഗ്രാന്റ് വിനിയോഗം	1-4
16	പദ്ധതിഅവലോകനം.	1-5
17	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമപദ്ധതികൾ	1-7
19	ക്യാഷ് ബാലൻസ് പരിശോധന	1-8
20	ആഭ്യന്തരനിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക	1-11
23	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-12
24	പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു	1-13
25	വാടക കുടിശ്ശിക നിലനിൽക്കുന്നു	1-14
26	എഫ് ഡി റ്റി ഇനത്തിൽ ലഭ്യമായ തുക വകുപ്പിലേക്ക് അടവാക്കിയിട്ടില്ല	1-15
27	ലേല തുക അടവാക്കിയിട്ടില്ല	1-16
28	അപകടാവസ്ഥയിലായ മരം നാളിതുവരെ മുറിച്ചുമാറ്റിയിട്ടില്ല	1-17
29	അഗതിരഹിതകേരളം - തുടർ നടപടികൾ അറിയിക്കേണ്ടതാണ്.	1-18
30	കോടതി വിധിപ്രകാരം തുക നൽകൽ - കൺവിനർക്ക് നൽകിയില്ല.	1-19
31	പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ.	1-20
32	വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.	1-21
33	ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.	1-22
34	വീട് വാസയോഗ്യമാക്കൽ-ജനറൽ-പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു	1-23
35	തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പരീക്ഷയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-24
36	എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-25
37	ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല	1-26
38	കുരിശുമല-എക്കാലയിൽ റോഡ് റീ-കോൺക്രീറ്റിംഗ് -പ്രവർത്തിയിലെ നിലവാരമില്ലായ്മ - അപാകത പരിഹരിച്ചിട്ടില്ല.	1-27
39	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ	1-28
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03.05.2024 തീയതിയിലെ 2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 10.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ , പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം തൻ വർഷം Prior Period Income ആയി ക്രമീകരിച്ചു

I-19 ഷെഡ്യൂളിൽ Recovery Of Unutilized Grants/Funds ശീർഷകത്തിൽ 14930233 രൂപ Prior Period Income ആയി ക്രമീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം റീ ടാറിംഗ് തുകയായി മാറ്റിയിട്ടിരുന്നത് തൻ വർഷം ക്രമീകരിച്ചതാണിത്.

1-1-5 റോഡ് സംരക്ഷണ ഗ്രാന്റ് - ACR പ്രകാരമുള്ള ചെലവ്,നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല

റോഡ് സംരക്ഷണ ഗ്രാന്റിന്റെ തൻ വർഷ ചെലവ് പത്രിക ,വാർഷിക കണക്ക് എന്നിവ പ്രകാരം 11806935 രൂപയാണ്. എന്നാൽ സാംഖ്യ എ.സി.ആർ പ്രകാരം ചെലവ് 18562674 രൂപയും ബാലൻസ് -3878024 രൂപയുമാണ്.

1-1-6 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 31.03.2024 ലെ RP 40(B) പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ 7045 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-8 കടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന് ലഭ്യമാകാനുള്ള കടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

1-1-10 വാടക- ഡിമാന്റ് കളക്ഷൻ , ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാടക- ഡിമാന്റ് കളക്ഷൻ , ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 15.02.2023 ലെ III/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.01.2024 തീയതിയിലെ II/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പരിഷ്കരിച്ച ബജറ്റ്
മുന്നിരിപ്പ്	14864550.00	10407467.00
വരവ്	129946177.00	139305869.00

ആകെ	144810727.00	149713336.00
ചെലവ്	139784727.00	143536677.00
നീക്കിയിരിപ്പ്	5026000.00	6176659.00

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	19064189.00
ഓഡിറ്റ് വർഷത്തെ വരവ്	34702727.00
ആകെ	53766916.00
ഓഡിറ്റ് വർഷത്തെ ചെലവ്	31404403.00
നീക്കിയിരിപ്പ്	22362513.00

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം	92577503
ആകെ ചെലവ്	94878072
വരുമാനമിച്ചം	(2300569)
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	14942616
അറ്റ പ്രവർത്തന നഷ്ടം	(17243185)

വരവിനങ്ങളിലില്ലാത്ത നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലില്ലാത്ത നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3480250

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	10188000	10188000	10188000	0	100
വികസനഫണ്ട് എസ്.സി.പി.	0	2993000	2993000	2993000	0	100
വികസനഫണ്ട് ടി.എസ്.പി.	0	88000	88000	88000	0	100
സംരക്ഷണ ഗ്രാന്റ് റോഡ്	0	14684650	14684650	11806935	2877715	80
സംരക്ഷണ ഗ്രാന്റ് നോൺറോഡ്	0	2347400	2347400	2347400	0	100
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1675603	1265500	2941103	1660368	1280735	56
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	241694	1687000	2002185 *	1707079	295106	85
ഐ.സി.ഡി.എസ്	966008	993061	1959069	777521	1181548	
ശുചിത്വമിഷൻ ഗ്രാന്റ്	60295	0	60295	0	60295	
സാക്ഷരത	768	0	768	0	768	
സമ്പൂർണ്ണ ശുചിത്വം	65557	0	65557	0	65557	
ലൈബ്രറി ഗ്രാന്റ്	21080	0	21080	21080	0	
സ്വച്ഛ് ഭാരത് അഭിയാൻ	0	612863	612863	612863	0	
ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)	4846	695309	700155	528629	171526	
ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്)	2410	306441	308851	5650	303201	

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 73491 രൂപ ഉൾപ്പെടെ

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1370565 രൂപ, 284014രൂപ, 42566 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
3. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

4. സംരക്ഷണ ഗ്രാന്റ്-റോഡ് ഫണ്ടിന്റെ ചെലവ് സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷികകണക്കുകൾ എന്നിവയിൽ 11806935 രൂപയാണ്. എന്നാൽ സാംഖ്യ എ.സി.ആറിൽ ചെലവ് 18562674 രൂപയാണ്. ആകെ അലോട്മെന്റ് തുകയായ 14684650 രൂപയേക്കാൾ ചെലവ് അധികരിച്ചതായി രേഖപ്പെടുത്തിയതിനാൽ സാംഖ്യ എ.സി.ആർ പ്രകാരമുള്ള റോഡ് ഫണ്ടിലെ നീക്കിയിരിപ്പ് നെഗറ്റീവ് തുകയാണ്.

5. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 73491/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 പദ്ധതിഅവലോകനം.

2023-24 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 20-12-2022, 21-02-2023 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. . ആസൂത്രണസമിതി യോഗം 21-02-2023-ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 13.01.2023 മുതൽ 19.03.2023 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്ത് 21.02.2023 തീയതിയി® നടന്ന വികസന സെമിനാറി® അവതരിപ്പിച്ചു. 22.02.2023 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 27-03-2024ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
191	95925494	127	45094252	64	47.01

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	ആകെ ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	6	6	1841084	1163674	63.21
വെറ്റിനറി സർജൻ	4	4	469000	459317	97.94
മെഡിക്കൽ ഓഫീസർ സി.എച്ച്.സി	8	7	1914000	1293274	67.57
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	1	1	400000	400000	100
മെഡിക്കൽ ഓഫീസർ ഹോമിയോ	2	2	320000	320000	100
വി.ഇ.ഒ I	8	8	28144000	10466293	37.19
വി.ഇ.ഒ II	8	6	1866096	1061500	56.88
ഐ.സി.ഡി.എസ് സൂപ്പർവൈസർ	6	6	5280914	3547093	67.17
സെക്രട്ടറി	42	31	12814782	8081254	63.06
അസിസ്റ്റന്റ് എൻജിനീയർ	95	46	38369348	15449712	40.27
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	40000	16000	40
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	2800000	1576475	56.3
അസിസ്റ്റന്റ് സെക്രട്ടറി	3	3	596870	596870	100
ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ	5	4	1069400	662790	61.98
ആകെ	191	127	95925494	45094252	47.01

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 63 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 108 പദ്ധതികൾക്കും സാങ്കേതിക അനുമതി ലഭിക്കുകയും 44 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 29987 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 456 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം , കയ്യാല ,കുളം നിർമ്മിക്കൽ, തോട്ടുകൾ ആഴം കൂട്ടൽ മുതലായ പ്രോജക്ടുകളും സംഘകൃഷിക്ക വേണ്ടി തരിശ്ശ് ഭൂമി കൃഷി യോഗ്യമാക്കലുമാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	2158	448346	450504	446704	3800
തൊഴിലാളികൾക്ക് നേരിട്ടു നൽകിയത്	0	15017729	15017729	15017729	0
	2158	15466075	15468233	15464433	3800

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1538600	979
വിധവാ പെൻഷൻ	4853600	3798
വാർദ്ധക്യകാല പെൻഷൻ	13368300	9977
മാനസിക ശാരീരിക വെല്ലുവിളി	2244000	1479

നേരിട്ടനുഭവിക്കുന്നവർക്കുള്ള പെൻഷൻ		
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ	366400	229

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി ഉഴവൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 12.06.2024 തീയതിയിൽ 03.10 പി എം സമയത്ത് നടത്തുകയുണ്ടായി. 2475/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. 01.04.2022 മുതൽ ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രിന്റെടുത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

1) പൊതുനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (ILGMS Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഓഡിറ്റ് വർഷം ILGMS സോഫ്റ്റ്വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) നികുതി നികുതിയേതര വരുമാനങ്ങളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മൊബൈ® ടവറുകളുടെ വസ്തുനികുതി, വാടക, ലേലം, എന്നിവ ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്. വാടക- ഡിമാന്റ് കളക്ഷ® , ബാല® സ് ഇകക® വാ® ഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാ® വാടക രജിസ്റ്റ® കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് അതോടൊപ്പം വാടക കരാർ എല്ലാ നിബന്ധനകളും ഉ® പ്പെടുത്തി കൃത്യമായി എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടിക® സ്വീകരിക്കേണ്ടതാണ്.

4) പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികൾ സുതാര്യമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.09.2022	01/2022 മുതൽ 03/2022 വരെ	റിപ്പോർട്ട് ലഭിച്ചു
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	13.12.2018 മുതൽ 27.12.2018 വരെ	2013-14 മുതൽ 2017-18 വരെ	എൽ.ബി.എ.(എച്ച്.ക്യ.)II/1/8B 169/2018-19/308 തീയതി 21.01.2019

1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

ക്രമ നം.	വാർഡ് / വാതിൽ നമ്പർ	ഉടമസ്ഥന്റെ പേര്	വർഷം	വസ്തു നികുതി ഇനത്തിലെ കുടിശ്ശിക
1	VIII/ 58	മാനേജർ റിലയൻസ് ടവർ	2019-20 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	38178

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/18.06.2024) സർക്കാരിന്റെ റവന്യൂ റിക്കവറി പോർട്ടൽ മുഖേന ഇത കൈ ഈടാക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഉഴവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്കുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1.	പി എ ജോൺസൺ
2.	സി എ മക്കാർ
3.	ജോസ് കെ കെ
4.	ധർവേഷ് ഇബ്രാഹിം
5.	ജോസഫ് ജോസ്
6.	തോമസ് ജേക്കബ്
7.	സജീവ് എസ്

8.	സിറിയക് ജോസഫ് സി
9.	അബിൻ സാന
10.	അനിൽകുമാർ പി എൻ
11.	ജോർജ്ജ് ജോസഫ്
12.	ജെയിംസ് ജേക്കബ്

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും ഇടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/19.06.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരെക്കൂടി തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്.

1-13 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ 2023-24 വർഷം കെയർവെൽ ഡയഗണോസ്റ്റിക് സെന്റർ എന്ന സ്ഥാപനത്തിന് ലൈസൻസ് ഉണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.06.2024) രജിസ്ട്രേഷൻ കടിശ്ശിക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വാടക കടിശ്ശിക നിലനിൽക്കുന്നു

1) വാടക രജിസ്റ്റർ, ഫയലുക എന്നിവ പരിശോധിച്ചതിൽ 2023-24 വർഷം ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കടിശ്ശിക നിലനിൽക്കുന്നു.

ക്രമ നം	വാടകക്കാരന്റെ പേര്	ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ	പ്രതിമാസ വാടക	കടിശ്ശിക മാസം	കടിശ്ശിക തുക
1	കിഷോർ മിലാവേലിൽ	ഉഴവൂർ ഷോപ്പിംഗ് കോംപ്ലക്സ് V/459 A	3150	1/2024 - 3/2024	9450
2	പൗലോസ് തോട്ടപ്പാക്കൽ	മോനിപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് XIII/370	1306	4/2023 - 3/2024	15672
3	സോമശേഖരൻ നായർ ചിറ്റേടത്ത്	ഉഴവൂർ ഷോപ്പിംഗ് കോംപ്ലക്സ് V/455	3095	7/2023 - 8/2023	6190
4	ബി എസ് എൻ എൽ ഓഫീസ്	V/3	9420	11/2023 - 3/2024	47100 – 3996 = 43104
		ആകെ			**74416**

വാടക കടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/18.06.2024) കടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) വാടക രജിസ്റ്റർ പ്രകാരം 2023-24 വർഷത്തിന് മുൻപുള്ള വർഷങ്ങളിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കടിശ്ശിക നിലനിൽക്കുന്നു.

ക്രമ നം	കെട്ടിടം	കടിശ്ശിക തുക
1	ബി എസ് എൻ എൽ	11303
2	മാർക്കറ്റ്	184744

മേൽ വാടക കടിശ്ശിക സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/18.06.2024) ക്രമ നം. 1 ബി എസ് എൻ എൽ – ന് വാടകയ്ക്ക് നൽകിയ കെട്ടിടത്തിന് 2020-21 വർഷം ജി എസ് ടി ഒഴികെയുള്ള തുക വാടകയായി അടവാക്കുകയും എന്നാൽ ജി എസ് ടി അടക്കമുള്ള തുക രസീത് ചെയ്യുകയും ചെയ്തിരുന്നുവെന്നും മേൽ വ്യത്യാസമാണ് കടിശ്ശികയായി നിലനിൽക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ കെട്ടിടം ഒഴിയുന്നതിന് ബി എസ് എൻ എൽ-ന് നോട്ടീസ് നൽകിയിട്ടുണ്ട്. കെട്ടിടം ഒഴിയുന്ന മുറയ്ക്ക് കടിശ്ശിക തുക കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം. 2 മാർക്കറ്റ് ലേലം 2020-21 ൽ ഏറ്റെടുത്ത ബേബി തോമസ് അടവാക്കേണ്ട 102600/- രൂപയും 2021-22 ൽ മാർക്കറ്റ് ലേലം കൊണ്ട സിബി എബ്രഹാം അടവാക്കേണ്ട 82144/- രൂപയുമാണ്. മേൽ കാലയളവുകളിൽ കോവിഡ് സാഹചര്യം മൂലം അടവാക്കേണ്ട തുകയ്ക്ക് ഇളവ് നൽകുന്നതിന് ലേലം കൊണ്ട വ്യക്തികൾ അപേക്ഷ നൽകിയതിന് സർക്കാരിൽ നിന്നും തീരുമാനം ലഭ്യമായിട്ടില്ല. സർക്കാർ മറുപടി അനുസരിച്ച് കടിശ്ശിക തുകകളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 എഫ് ഡി റ്റി ഇനത്തിൽ ലഭ്യമായ തുക വകുപ്പിലേക്ക് അടവാക്കിയിട്ടില്ല

ഉഴവൂർ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം താഴെപ്പറയും പ്രകാരം മരങ്ങളുടെ ലേലം നടന്നിട്ടുണ്ട്.

ലേലം	എഫ് ഡി റ്റി തുക	രസീത് നം., തീയതി
പള്ളിക്കവല ഭാഗത്തെ തേക്ക്	105	1230105549/27.03.2024
മോനിപ്പള്ളി മാർക്കറ്റിലെ തേക്ക്	1958	1240100097/12.04.2024

മേൽ ലേലങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ എഫ് ഡി റ്റി തുകകൾ നിശ്ചിത ശീർഷകത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/19.06.2024) മേൽ തുകകൾ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിശ്ചിത ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുകകൾ യഥാസമയം അതാത് വകുപ്പുകളിലേക്ക് അടവാക്കേണ്ടതാണ്.

1-16 ലേല തുക അടവാക്കിയിട്ടില്ല

ഉഴവൂർ ഗ്രാമപഞ്ചായത്തിൽ സീനായി സ്കൂളിനു സമീപമുള്ള ആഞ്ഞിലി മരത്തിന്റെ ലേലം 26.02.2024 ൽ നടന്നതിൽ സന്തോഷ് കുമാർ, ആറുകാക്കൽ എന്നയാൾക്ക് 42150/- രൂപക്ക് ലേലം ഉറപ്പിച്ചിരുന്നു. 1230103986/26.02.2024 നം. രസീത് പ്രകാരം 1000/- രൂ EMD ഇനത്തിൽ അടച്ചിട്ടുണ്ട്. ലേല തുക, ജി എസ് ടി, എഫ് ഡി ടി എന്നിവ അടവാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/19.06.2024) ലേലതുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് ലേലതുക പഞ്ചായത്ത് ഫണ്ടിലേക്ക് എത്രയും വേഗം മുതൽക്കൂട്ടേണ്ടതാണ്.

1-17 അപകടാവസ്ഥയിലായ മരം നാളിതുവരെ മുറിച്ചുമാറ്റിയിട്ടില്ല

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലെ 44-ാം നമ്പർ ആച്ചിക്കൽ അംഗൻവാടിക്കു സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ് 28.01.2020ൽ മദനമോഹൻ നായർ, വേണാട്ടുമരം എന്നയാൾക്ക് ലേലം ഉറപ്പിക്കുകയും ലേലതുകയായ 114000/- രൂ 3225697/28.07.2020 നം. രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ മേൽ മരം നാളിതുവരെ മുറിച്ചു മാറ്റിയിട്ടില്ലാത്തതായി കാണുന്നു. അംഗൻവാടിക്ക് സമീപമുള്ള അപകടാവസ്ഥയിലുള്ള ടി മരം 4 വർഷമായിട്ടും മുറിച്ചു മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/19.06.2024) മരം മുറിച്ചുമാറ്റുന്നതിന് സമീപവാസികൾ സമ്മതിക്കാത്തതായും മേൽ സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ കീഴിലായതിനാൽ മരത്തിന്റെ ലേലം പഞ്ചായത്ത് നടത്തിയതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരം മുറിച്ചുമാറ്റുന്നതിന് അടിയന്തിര നടപടികൾ ഉടൻതന്നെ സ്വീകരിക്കേണ്ടതാണ്.

1-18 അഗതിരഹിതകേരളം - തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

അഗതിരഹിതകേരളം എന്ന പ്രോജക്ടിനായി തൻവർഷം പ്രോജക്ട് ആസൂത്രണം ചെയ്തിട്ടില്ല. അഗതിരഹിതകേരളത്തിനായി നിലവിലുള്ള ബാങ്ക് അക്കൗണ്ടിൽ 12.9.23 ൽ 400424/- രൂപ അവശേഷിക്കുന്നുണ്ട്. ആയത് തുച്ഛികരമായി ചെലവഴിക്കുന്നില്ല. തൻവർഷം 85190/- രൂപ ആഹാരം വിതരണം ചെയ്യാനായി ചെലവഴിച്ചിട്ടുണ്ട്. അഗതിരഹിതകേരളത്തിന്റെ നിലവിലെ ഡി.പി.ആർ , ഗുണഭോക്താക്കളുടെ എണ്ണം , ഗുണഭോക്താക്കൾക്ക് നൽകിയ സേവനങ്ങൾ , ചെലവഴിച്ച പ്ലാൻ ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7) നൽകുകയുണ്ടായി. ആശ്രയ ഫേസ് 1, ഫേസ് 2 പദ്ധതികളിൽ അവശേഷിച്ചിരുന്ന 719834/- രൂപയും 11.7.19 ൽ ലഭിച്ച 613499/- രൂപയും ഉൾപ്പെടെ 13,33,333/- രൂപ ആദ്യ ഗഡു ലഭിച്ചെന്നും 15 .9.21 ൽ രണ്ടാം ഗഡുവായി 13,33,333/- രൂപയും ലഭിച്ചെന്ന് മറുപടി ലഭ്യമാക്കി. കൂടാതെ 2019-20, 2020-21, 2021-22 വർഷങ്ങളിലായി ഒരുലക്ഷം രൂപ വീതം വികസനഫണ്ടിൽ നിന്നും ലഭ്യമായി. ഇത്തരത്തിൽ ആകെ 29,33,333/- രൂപ പദ്ധതി കാലയളവിൽ ലഭ്യമായി. വികസനഫണ്ടിനത്തിൽ ലഭിച്ച 3 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു. 2023-24 വരെ ഭക്ഷണവിതരണത്തിനായി 2232909/- രൂപ ചെലവഴിച്ചു. നിലവിലെ ഡി.പി.ആർ പ്രകാരം നിർവ്വഹണകാലയളവ് 2022-23 വരെയായിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലവുമായി ബന്ധപ്പെട്ടുണ്ടായ തുടർ നിർദ്ദേശങ്ങളെതുടർന്ന് ഭക്ഷണവിതരണം 2023-24 വരെ തുടരുകയായിരുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച് തുടർനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. തുടർനിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് തുക ചെലവാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 കോടതി വിധിപ്രകാരം തുക നൽകൽ - കൺവീനർക്ക് നൽകിയില്ല.

പ്രോജക്ട് നമ്പർ, പേര്	207/24, ഉഴവൂർ ടൗണിലെ വെയിറ്റിംഗ് ഷെഡിലെ ബെഞ്ചിന്റെ തുക നൽകൽ.
ചെലവ്, ഫണ്ടിനം	315000/- തനത് ഫണ്ട്
വൗച്ചർ നമ്പർ , തീയതി	22301114/7.12.23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഉഴവൂർ ടൗണിൽ പഞ്ചായത്ത് വക സ്ഥലത്ത് ലോകബാങ്ക് ധനസഹായത്തോടെ 2015-16 ൽ ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിരുന്നു. ശ്രീ കെ.ജെ തോമസ് കന്നുകുമ്പിൽ കൺവീനറായും ശ്രീ സജിതോമസ് ഒറ്റത്തങ്ങായിയിൽ ചെയർമാനുമായുള്ള ഗുണഭോക്തൃസമിതി ഒരു സ്റ്റീൽ ബെഞ്ചുകൂടി വെയിറ്റിംഗ് ഷെഡിൽ നിർമ്മിക്കുകയുണ്ടായി. ഭരണസമിതിയുടെ വാക്കാലുള്ള നിർദ്ദേശപ്രകാരം ചെയ്ത ടി പ്രവൃത്തിക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് വെക്കുകയോ പിന്നീട് ബില്ല് മാറി കൊടുക്കുകയോ ചെയ്തിരുന്നില്ല. പ്രവൃത്തിയുടെ എം.ബുക്ക് , വാല്യുവേഷൻ വിശദാംശങ്ങളും ലഭ്യമായിരുന്നില്ല. അന്നത്തെ അസി.എഞ്ചിനീയർ പ്രവൃത്തിക്ക് 315000/- രൂപ മൂല്യം നിർണ്ണയിച്ചതായി 4.8.23 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(2) തീരുമാനത്തിൽ പരാമർശിക്കുന്നുണ്ട് എങ്കിലും ഫയൽ ഓഡിറ്റിന് ലഭ്യമായില്ല. 315000/- രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ കെ.ജെ തോമസ് ബഹു . ഹൈക്കോടതിയെ സമീപിക്കുകയും , മറ്റ് തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ തുക അനുവദിക്കാൻ WP(C) 10430/2017 നമ്പർ കേസിൽ കോടതി ന്യായവിധി പുറപ്പെടുവിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22.6.22 ലെ 1(9) തീരുമാനപ്രകാരം നിലവിലെ അസി.എഞ്ചിനീയറോട് പ്രവൃത്തിക്ക് വീണ്ടും മൂല്യനിർണ്ണയം നടത്താൻ ആവശ്യപ്പെടുകയും അസി.എഞ്ചിനീയർ ടി പ്രവൃത്തിക്ക് 573525.25/- രൂപയുടെ മൂല്യം നിർണ്ണയിക്കുകയും ചെയ്തു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 3.7.23 ലെ യോഗത്തിന്റെ 4.12 നമ്പർ തീരുമാനം പ്രകാരം കൺവീനർക്ക് തുക നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 20.11.23 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(4) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃസമിതി ചെയർമാനായ ശ്രീ സജിതോമസ് പേർക്ക് തുക നൽകാൻ തീരുമാനിക്കുകയും ആയത് നൽകുകയും ചെയ്തു. ബഹു കോടതി നിർദ്ദേശം ഗുണഭോക്തൃസമിതി കൺവീനറുടെ പേർക്ക് തുക അനുവദിക്കാനാണ്. ടിയാനിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം വാങ്ങാതെ ഗുണഭോക്തൃസമിതി ചെയർമാന്റെ പേർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 4/18.06.24) നൽകുകയുണ്ടായി. ഗുണഭോക്തൃസമിതി കൺവീനറുടെ പേരിലുള്ള അക്കൗണ്ടിൽ വലിയ തുകകൾ ബാങ്കിന് കുടിശ്ശികയുള്ളതിനാൽ ടി അക്കൗണ്ടിലേക്ക് തുക നൽകാനാവില്ലെന്നും ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തോടെയാണ് ചെയർമാന്റെ പേർക്ക് തുക അനുവദിച്ചതെന്നും മറുപടി ലഭ്യമാക്കി. നാളിതുവരെ ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുക ചെയർമാന്റെ പേർക്ക് അനുവദിച്ചതിലെ സാങ്കേതികത്വം അംഗീകരിക്കുന്നു. എങ്കിലും കോടതിവിധിയിലും കോഓർഡിനേഷൻ കമ്മറ്റിയിലും കൺവീനർപേർക്ക് തുക നൽകാനാണ് നിർദ്ദേശിച്ചിരുന്നത്. അതിനാൽ മറ്റ് കോടതിവ്യവഹാരങ്ങളിലേക്ക് ടി വിഷയം കടക്കാതിരിക്കാൻ ഗുണഭോക്തൃസമിതി കൺവീനറിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കാൻ ഭരണസമിതി തലത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ.

പ്രോജക്ട് നമ്പർ, പേര്	226/24 പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ
ചെലവ്, ഫണ്ടിനം	13,00000/- തനത് ഫണ്ട്
വൗച്ചർ നമ്പർ , തീയതി	22301521/4.3.24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പഴയ XYLO KL67 0067 നമ്പർ വാഹനത്തിന് PWD മെക്കാനിക്കൽ ഡിവിഷൻ തിരുവനന്തപുരത്തിൽ നിന്നും അൺ ഇക്കണോമിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുകയും ലേലം ചെയ്യാൻ 150000/ - രൂപ അടിസ്ഥാന മൂല്യം നിശ്ചയിച്ച് നൽകുകയും ചെയ്തു. 10.2.24 ലെ LSGD/PD/5480/2024- GEB2 നമ്പർ കത്ത് പ്രകാരം ലേലം ചെയ്ത് മുതൽ കൂട്ടാൻ സർക്കാർ അംഗീകാരവും ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ വാഹനം വാങ്ങുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 6.1.24 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നമ്പർ 3 പ്രകാരം ജെം പോർട്ടലിൽ നിന്നും MAHINDRA AND MAHINDRA SCORPIO CLASSIC വാഹനം വാങ്ങാൻ തീരുമാനിച്ചു. ട്രാൻസ്പോർട്ടേഷൻ ചാർജ്ജുൾപ്പെടെ 13,23,715/- രൂപയായ വാഹനത്തിന് 13 ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ബാക്കിതുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുകയും ചെയ്തു. ജി.ഒ(പി)നം 136/2022/ധന തീയതി 4.11.22 പ്രകാരമുള്ള വ്യയനിയന്ത്രണ പൊതുനിർദ്ദേശങ്ങളിൽ വാഹനം വാങ്ങലിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിച്ച് കൂടാനാവാത്ത സന്ദർഭങ്ങളിൽ ധനവകുപ്പിന്റെ അനുമതിയോടെ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി മാത്രം ഇളവ് അനുവദിക്കുമെന്നാണ് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/18.06.24) നൽകുകയുണ്ടായി. പുതിയ സബ്സിഡി മാർഗ്ഗരേഖയിൽ വാഹനം വാങ്ങാമെന്ന് പരാമർശിച്ചിട്ടുണ്ടെന്നും സർക്കാരിന്റെ

സഞ്ചിതനിധിയിടെ ഉപയോഗം നിയന്ത്രിക്കുന്നതിനാണ് വ്യയനിയന്ത്രണം ഉണ്ടായതെന്നും മറുപടി ലഭ്യമാക്കി. വ്യയനിയന്ത്രണ ഉത്തരവ് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ബാധകമാക്കിയാണ് ഇറക്കിയിട്ടുള്ളത്. അതിനാൽ സർക്കാർ നിർദ്ദേശങ്ങൽ പാലിച്ച് പർച്ചേസുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2) പഞ്ചായത്തിന്റെ പഴയ വാഹനം നാളിതുവരെ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല. ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാലായിരുന്ന പഴയ വാഹനം എത്രയും വേഗം ലേലം ചെയ്യാതിരുന്നത് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. പഴയ വാഹനം ലേലം ചെയ്ത് മുതൽ കൂട്ടിയശേഷം വിവരം അറിയിക്കേണ്ടതാണ്.

1-21 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

ക്രമ നം.	പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ബിൽ/ വൗച്ചർ നമ്പർ,തീയതി	ചെലവ് തുക	തുക കൈമാറിയ സ്ഥാപനം
1	46/24 ഐ.കെ.എം വിഹിതം നൽകൽ	47425/- വികസന ഫണ്ട് (ജനറൽ)	8/14.8.23	47425/-	ഐ.കെ.എം
2	28/24 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	13,00000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 135548/- തനത് ഫണ്ട്	356,357/26.3.24 = 13,00000/- 22301547/28.3.24 =135548/-	14,35,548/-	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളി
3	232/24 പുൽപ്പാറകോളനിയിലും ആച്ചിക്കൽ കോളനിയിലും സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ	500348/- വികസനഫണ്ട് (എസ്.സി.പി) 1972/- തനത് ഫണ്ട്	378/31.3.24 301/24.3.24 22301587/31.3.24	502320/-	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളി
4	140/24 ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ- അതി ദരിദ്രമൈക്രോപ്ലാൻ	34807/- തനത് ഫണ്ട്	22300795/26.10.23	34807/-	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളി
5	134/24, പെരുന്താനം അങ്കണവാടിക്ക് കെട്ടിടനിർമ്മാണം	10,00000/- ജില്ലാപഞ്ചായത്ത് വിഹിതം	138/15.11.23	10,00000/-	സംസ്ഥാനമിഷൻ ഡയറക്ടർ തൊഴിലുറപ്പ് പദ്ധതി , തിരുവനന്തപുരം
			ആകെ	30,20,100/-	

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/18.06.24) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി വിഷയങ്ങളിൽ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 30,20,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് വീട് നിർമ്മാണത്തിനായി തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	ആകെ നൽകിയ തുക	നിലവിലെ അവസ്ഥ
1	മറിയക്കുട്ടി വർക്കി, കുമ്പളോലിത്തടം,ചേറുകുളം	250000	ഭിത്തി
2	ശോശാമ്മ.കെ.എം, പുത്തൻപുരയിൽ	300000	ഭിത്തി
3	സുകുമാരി സോമൻ, ഊഞ്ഞാവള്ളിയിൽ	180000	മേൽക്കൂര

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളുൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/19.06.24) മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണെന്നും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരങ്ങൾ ഓഡിറ്റിനെ അറയിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറയിക്കേണ്ടതാണ്.

1-23 വീട് വാസയോഗ്യമാക്കൽ-ജനറൽ-പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

വീട് വാസയോഗ്യമാക്കൽ-ജനറൽ (നം.49/24) പ്രോജക്ടിലുൾപ്പെടുത്തി വി.ഇ.ഒ (മോനിപ്പള്ളി സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 13 ഗുണഭോക്താക്കൾക്കായി 420000 രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ മുൻകൂർ തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	നൽകിയ തുക	ബിൽ നം.
1	ജിജി സ്റ്റീഫൻ, ആലുംചിറ, ഉഴവൂർ	20000	05/23-24/26.12.23
2	ശ്യാമള തങ്കപ്പൻ, ചേറാടിയിൽ, ഉഴവൂർ	20000	06/23-24/30.12.23
3	വിലാസിനി തങ്കപ്പൻ,ഞറളക്കാട്ടുപറമ്പിൽ,മോനിപ്പള്ളി	20000	07/23-24/25.03.24
4	കമലാക്ഷി.റ്റി.പി,കിഴക്കേതടിയിൽ,ഉഴവൂർ	20000	08/23-24/25.03.24
5	തങ്കച്ചൻ.സി.എം, ചക്കനോലിയിൽ,മോനിപ്പള്ളി	20000	08/23-24/25.03.24

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/19.06.24) ടി ഗുണഭോക്താക്കൾ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും 2024-25 വർഷം സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാലൻസ് തുക

അനുവദിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പരീക്ഷയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം./ പേര്	85/24, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ-തുല്യതാപരീക്ഷയ്ക്ക് ധനസഹായം
ചെലവ്	10150
ബിൽ നം.	388/30.03.2024
ഫണ്ടിനം	തനത് ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ

മേൽ പ്രോജക്ട് പ്രകാരം 4പേർക്ക് (ജനറൽ വിഭാഗം-3, എസ്.സി-1) ഹയർസെക്കന്ററി തുല്യതാ കോഴ്സിനും 2 പേർക്ക് (ജനറൽ വിഭാഗം-1, എസ്.സി-1) പത്താംക്ലാസ് തുല്യതാ കോഴ്സിനുമായി ആകെ 10150/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. പരിശീലനം നേടിയവർ കോഴ്സ് പൂർത്തീകരിച്ച് പരീക്ഷയിൽ പങ്കെടുക്കുകയും തുല്യതാ സർട്ടിഫിക്കറ്റ് നേടുകയും ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/18.06.24)മറുപടി ലഭ്യമാക്കിയില്ല.പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി പരീക്ഷയിൽ പങ്കെടുത്തതിന്റേയും തുല്യതാ സർട്ടിഫിക്കറ്റ് നേടിയതിന്റേയും വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ 10150 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

എസ്.എസ്.എ വിഹിതം നൽകൽ പ്രോജക്ടിനായി ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി തൻ വർഷം 200000 രൂപ വികസനഫണ്ട് ജനറലിൽ നിന്നും 01/23-24/25.03.24 നമ്പർ ബിൽ പ്രകാരം ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/18.06.24) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-26 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.	30/23-24 ഉഴവൂർ എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	250000, മെയിന്റനൻസ് ഫണ്ട് – റോഡിതരം
ചെലവ്	250000, മെയിന്റനൻസ് ഫണ്ട് – റോഡിതരം
ബിൽ നം., തീയതി	1/03.02.2024
ഇൻവോയ്സ് നം., തീയതി	PF-996, 07.12.2023
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 250000/- രൂ നൽകിയിരുന്നു. മരുന്നുകളുടെ ലഭ്യതാവിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/20.06.2024) മറുപടിയായി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്ന് സമാപന യോഗത്തിന്റെ മെഡിക്കൽ ഓഫീസർ (ഹോമിയോ) അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്നതുവരെ 250000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 കുരിശുമല-എക്കാലയിൽ റോഡ് റീ-കോൺക്രീറ്റിംഗ് -പ്രവൃത്തിയിലെ നിലവാരമില്ലായ്മ - അപാകത പരിഹരിച്ചിട്ടില്ല.

കുരിശുമല-എക്കാലയിൽ റോഡ് റീ-കോൺക്രീറ്റിംഗ് -പ്രവൃത്തിയിലെ നിലവാരമില്ലായ്മ - അപാകത പരിഹരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ, പേര്	98/24 എക്കാലയിൽ-കുരിശുമല റോഡ് റീ-കോൺക്രീറ്റിംഗ് - വാർഡ് 6
ചെലവ്, ഫണ്ടിനം	191000/- ചെലവ്, 182476 /- MG (Road)
ബിൽ നമ്പർ , തീയതി	46/24.2.24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
കരാറുകാരൻ	സി എ മക്കാർ

2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 98/24 കുരിശുമല-എക്കാലയിൽ റോഡ് റീ-കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി 02/03/2024ൽ പൂർത്തിയാക്കിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഏതാനും മാസത്തിനുള്ളിൽ ടി പ്രവൃത്തി സംബന്ധിച്ച് റീ-കോൺക്രീറ്റിംഗ് നടത്തിയത് തകർന്നതായി കാണിച്ച് ടി റോഡിന്റെ ഗുണഭോക്താക്കൾ പരാതി നൽകിയിരുന്നു. ടി വിഷയം പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും തുടർ നടപടി സ്വീകരിക്കുന്നതിന് അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. 19/06/24 തീ ടി പ്രവൃത്തി നേരിൽ പരിശോധന നടത്തിയിരുന്നു. പരാതിയിൽ പറഞ്ഞിക്കാണിച്ചതുപോലെ പല സ്ഥലങ്ങളിലും കോൺക്രീറ്റിങ്ങ് ഇളകി കിടക്കുന്നതായി കാണപ്പെട്ടു.. ടി അപാകത പരിഹരിച്ചതായി കാണുന്നില്ല. ടി വിഷയം സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/19.06.24) നൽകിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കാത്ത പക്ഷം കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-28 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന മുഖേനയുള്ള മാലിന്യം സംസ്കരണം. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയുക്തമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്.ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും അതിനൊക്കെ സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

ഉഴവൂർ ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലായി ആകെ ജനസംഖ്യ 14399 ആണ്. ആകെ ആകൃീവായിട്ടുള്ള വീടുകൾ 3783 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 298 എണ്ണവുമാണ്. ആകെയുള്ള 13 വാർഡുകളിലായി 22 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. ഗ്രാമപഞ്ചായത്തിലെ വസ്തുനികതി അസ്സസ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി QR കോഡ് പതിച്ച് സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ വഴി വിവര ശേഖരണം നടത്തിയിട്ടുണ്ട്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. എന്നിരുന്നാലും 2023-24 സാമ്പത്തിക വർഷത്തിൽ 94% യൂസർ ഫീ കളക്ഷൻ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. വ്യാജ വാർത്തകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. വീടുകളുടെ എണ്ണത്തിലുള്ള കുറവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഹരിതകർമ്മസേനയുടെ വരുമാനക്കുറവിന് കാരണമാകുന്നുണ്ട്.

<u>മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത</u>

എല്ലാ മാസവും 20-ാം തീയതി മുതൽ 30വരെയുള്ള ദിവസങ്ങളിൽ വീടുകളിൽനിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ എത്തിക്കുകയും മെയിൻ എം.സി.എഫിൽ സൗകര്യക്കുറവുള്ളതിനാൽ മിനി എം.സി.എഫുകളിൽ വെച്ച് തന്നെ വേർതിരിക്കുകയും ചെയ്യുന്നു. അതിന് ശേഷം ഇവിടെനിന്നും മെയിൻ എം.സിഎഫിലേക്ക് വാടക വാഹനത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നു. നിലവിലും ക്ലീൻ കേരള കമ്പനിക്ക് തന്നെയാണ് മാലിന്യങ്ങൾ കൈമാറ്റം ചെയ്യുന്നത്

മാലിന്യശേഖരണത്തിനായി ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ടി കലണ്ടർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന മുഖാന്തിരം നൽകുകയും പ്രസ്തുത കലണ്ടർ പ്രകാരം അജൈവ മാലിന്യശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. 2022-23 വർഷം സ്മാർട്ട് ഗാർബേജ് സിസ്റ്റം നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് ഏകദിന പരിശീലനം നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുന്നുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായും പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിൽ 1000 കി.ഗ്രാം വരുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.ഇങ്ങനെ ശേഖരിച്ച ലെഗസി മാലിന്യങ്ങളിൽ 360 കി.ഗ്രാം ഹരിത കർമ്മസേന മുഖാന്തിരം തരംതിരിച്ച മാലിന്യങ്ങളാണ്. ഏകദേശം 1000 കി.ഗ്രാം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംസ്കരിക്കുവാൻ സാധിക്കുന്നുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി ഇനൂർ മുഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് മാത്രമേ പ്രവർത്തനക്ഷമമായുള്ളൂ. വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ആയിരത്തോളം ജൈവമാലിന്യ സംസ്കരണ ഉപാധികളും രണ്ടായിരത്തോളം സോക്ക് പിറ്റുകളും കമ്പോസ്റ്റ് പിറ്റുകളും തൊഴിലുറപ്പ് പദ്ധതി മുഖാന്തിരവും സ്വന്തം നിലയ്ക്കും വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ജൈവമാലിന്യ സംസ്കരണ ഉപാധികളുടേയും കമ്പോസ്റ്റ് പിറ്റുകളുടേയും അശാസ്ത്രീയമായ ഉപയോഗം മാലിന്യത്തെ ഉറവിടത്തിൽ സംസ്കരിക്കുന്ന രീതിയ്ക്ക് തടസ്സം നിൽക്കുന്നുണ്ട്. ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

നിരത്തുകളിൽ/ പൊതു ഇടങ്ങളിൽ മാലിന്യം തള്ളൽ,നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ തല സ്ക്വാഡ്, സ്ഥാപന തല വിജിലൻസ് സ്ക്വാഡ് എന്നിവ പരിശോധനകൾ നടത്തിയതിൽ 2023-24 സാമ്പത്തിക വർഷം 7 വ്യക്തികളിൽ നിന്നായി 29000 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരീക്ഷിക്കുവാൻ ഗ്രാമപഞ്ചായത്തിന് മൻവശം റോഡ് സൈഡിലും നാലാം വാർഡിൽ ആനാലിൽ തോടിന് സമീപവും സി.സി.റ്റി.വികൾ സ്ഥാപിച്ചിട്ടുണ്ട്.

<u>തൊഴിൽ സാദ്ധ്യത</u>

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിനാനുപാതികമായി പ്രതിമാസം 5000 മുതൽ 15000രൂപ വരെ വരുമാനവും ലഭ്യമാകുന്നുണ്ട്. ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണവും ശരാശരി മാസ വരുമാനവും ചുവടെ ചേർക്കുന്നു.

വാർഡ്	എണ്ണം	തുക
1	2	5370
2	2	6328
3	2	5475
4	2	9280
5	1	15345
6	2	6003
7	2	5618
8	2	8175
9	1	12045
10	2	7913
11	2	8310
12	1	13330
13	2	6390

ജില്ലാ ശുചിത്വ മിഷന്റെ സഹകരണത്തോടെ നോട്ടീസ് അടക്കമുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും വിവിധ സോഷ്യൽ മീഡിയ നവമാദ്ധ്യമങ്ങൾ മുതലായവ വഴി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.എല്ലാ വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉൾപ്പെടെ പാഴ് വസ്തു ശേഖരണ കലണ്ടർ എത്തിച്ചു നൽകുന്നതിനും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തുന്നതിനും ശ്രമങ്ങൾ നടക്കുന്നുണ്ട്. ആരാധനാലയങ്ങളിലും പൊതു ഇടങ്ങളിലും റെസിഡൻസ് അസോസിയേഷനുകളിലും അയൽക്കൂട്ട തലങ്ങളിലും ഹരിതകർമ്മസേന പ്രവർത്തനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്. വാതിൽപടി ശേഖരണത്തിലെ ന്യൂനതകൾ കണ്ടെത്തി 100% യൂസർ ഫീ കളക്ഷൻ നേടുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഹരിത മിഷൻ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് ഇലക്ട്രിക് ഓട്ടോ വാങ്ങി നൽകിയിട്ടുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം.സി.എഫ് കളിൽ എത്തിക്കുന്നത് പ്രസ്തുത ഓട്ടോ ഉപയോഗിച്ചാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ഇലക്ട്രിക് ഓട്ടോയിൽ മാലിന്യങ്ങൾ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതി രൂപീകരിച്ചുവെങ്കിലും നിലവിലും ഹരിത കർമ്മസേനാംഗങ്ങൾ സ്വയം ഇലക്ട്രിക് ഓട്ടോ ഡ്രൈവ് ചെയ്ത് തുടങ്ങിയിട്ടില്ല. ആയതിനാൽ മാലിന്യം ശേഖരിക്കുന്ന ദിവസങ്ങളിൽ മാത്രം ഒരു താത്ക്കാലിക ഡ്രൈവറെ നിയോഗിച്ചിട്ടുണ്ട്.

ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് മോനിപ്പള്ളിയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിന്റെ മൂന്നാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ നിറയെ ചാക്കിൽ കെട്ടിയ മാലിന്യങ്ങൾ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു (ഫോട്ടോ ചുവടെ ചേർക്കുന്നു).



പഴയ എം.സി.എഫ് കെട്ടിടം

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനും മറ്റുമുള്ള സൗകര്യം പ്രസ്തുത എം.സി.എഫിൽ ഇല്ല. ആയതിനാൽ ഹരിത കർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ് കോമ്പൗണ്ടുകളിൽ വെച്ച് തരം തിരിച്ചതിന് ശേഷമാണ് മാലിന്യങ്ങൾ എം.സി.എഫ് ൽ എത്തിക്കുന്നത്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴത്തെ നിലകളിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല മൂന്നാമത്തെ നിലയിൽ മാലിന്യങ്ങൾ എത്തിയ്ക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതായും ബോദ്ധ്യപ്പെട്ടു. ക്ലീൻ കേരള കമ്പനി മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കാല താമസം നേരിടുന്നതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. 10000 കി.ഗ്രാം സംഭരണ ശേഷിയുള്ള എം.സി.എഫിൽ നിന്നും മാസം 2500 കി.ഗ്രാം പാഴ് വസ്തുക്കൾ മാത്രമാണ് നീക്കം ചെയ്യുന്നത്. ഇപ്രകാരം 2023-24 വർഷം 43417.25 കി.ഗ്രാം പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി എം.സി.എഫിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്.

നിലവിലെ എം.സി.എഫ് പ്രദേശം പൂർണ്ണമായി ലഭിക്കുന്ന രീതിയിൽ സി.സി.റ്റി.വി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 6 ഫയർ എക്സ്റ്റിൻഗ്യൂഷർ സ്ഥാപിക്കുകയും അതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എം.സി.എഫിന് സമീപം വെള്ളം നിറച്ച് ടാങ്കിന്റെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജീവൻ രക്ഷാ ഉപകരണങ്ങളും മാസ്ക്, ഗംബൂട്ട്, ഗ്ലൗസ്, സേഫ്റ്റി ഹെൽമെറ്റ്, ഫസ്റ്റ് എയ്ഡ്കിറ്റ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. എം.സി.എഫ് ന്റെ ചുമതലയ്ക്കായി മുഴുവൻ സമയവും ആച്ചിക്കൽ വാർഡിലെ ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് എം.സി.എഫ് ന് സമീപമുള്ള വീടുകളിലും സ്ഥാപനങ്ങളിലും പോലീസ്, ഫയർ ഫോഴ്സ്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഫോൺ നമ്പറുകൾ ലഭ്യമാക്കിയിട്ടുണ്ട്. അഗ്നിബാധ നേരിടുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

എം.സി.എഫ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിന്റെ ഭാഗമായി 3-ാം വർഡിൽ നിലവിലുള്ള കെട്ടിടത്തിൽ 2023-24 വർഷം നിർമ്മാണ പ്രവൃത്തികൾ നടത്തിയെങ്കിലും ആയത് പൂർത്തിയാക്കി എം.സി.എഫ്.പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.



പൂർത്തിയായി വരുന്ന പുതിയ എം.സി.എഫ് കെട്ടിടം

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ എം സി എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൻമേലുള്ള വിപുലമായ താൽപര്യം അതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ പ്രാപ്തരാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	10.05.2024	18.06.2024

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാക്കി
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	42/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - പട്ടികജാതി വിഭാഗം	636241	636241	0
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	41/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ	500000	500000	0
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	35/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ജനറൽ	246900	246900	0
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	36/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പട്ടികജാതി വിഭാഗം	60000	60000	0
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	14/23-24 ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്	271726	271726	0
	ആകെ	1714867	1714867	0
കോട്ടയം ജില്ലാ പഞ്ചായത്ത്	42/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - പട്ടികജാതി വിഭാഗം	614308	614308	0
കോട്ടയം ജില്ലാ പഞ്ചായത്ത്	44/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - പട്ടികവർഗ്ഗ വിഭാഗം	600000	600000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	41/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ	480000	480000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	35/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ജനറൽ	160000	160000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	36/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പട്ടികജാതി വിഭാഗം	20000	20000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	134/23-24 55-ാം നമ്പർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം	1000000	1000000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	14/23-24 ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്	604749	604749	0
കോട്ടയം ജില്ലാ പഞ്ചായത്ത്	137/23-24 57-ാം നമ്പർ കൈമാരിയേൽ അംഗൻവാടി നിർമ്മാണം വാർഡ് 10	1200000	0	1200000
കോട്ടയം ജില്ലാ പഞ്ചായത്ത്	153/23-24 ഉഴവൂർ – ഇഞ്ചേനാട്ട് – വെട്ടം – വാക്കേൽ റോഡ് റീ ടാറിംഗ്	919374	0	919374
	ആകെ	5598431	3479057	2119374

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ	28/23-24 വിവിധ വാർഡുകളിൽ	356,357/ 26.3.24 =	13,00000/-	0	1435548

സെക്ഷൻ മരങ്ങാട്ടുപിള്ളി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	13,00000/- 358/26.3.24 = 135548/-	ധനകാര്യകമ്മീഷൻ ഗ്രാന്റ് 135548/- തനത് ഫണ്ട്		
കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളി	232/23-24 പുൽപ്പാറകോളനിയിലും ആച്ചിക്കൽ കോളനിയിലും സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ	378/31.3.24 301/24.3.24	500348/- വികസനഫണ്ട് (എസ്.സി.പി) 1972/- തനത് ഫണ്ട്	0	502320
കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളി	140/23-24 ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ- അതി ദരിദ്ര മൈക്രോപ്ലാൻ	91/16.10.23	34807/- തനത് ഫണ്ട്	0	34807
	ആകെ		1972675	0	1972675

4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി	ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018	2632542	3217405	1235167*	.	4614780

* തിരിച്ചടച്ച തുകയിൽ 864945/- രൂ ജി ഓ പ്രോജക്ട് ഇനത്തിൽ തിരിച്ചടച്ചതും 370222/- രൂ ലോൺ ഇനത്തിൽ അധികം ലഭ്യമായ തുക നേരിട്ട് തിരിച്ചടച്ചതുമാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും	രസീത് നം., തീയതി
2022-23	1-15	4418/-	പി എ ജോൺസൺ പൈമ്പാലിൽ	1230102328/ 03.11.2023
2022-23	1-15	1802/- *	കെ കെ ജോസ് തൊട്ടിയിൽ	1230103070/ 11.12.2023

*2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-15 പ്രകാരം കരാറുകാരൻ അടവാക്കിയ 1802/- രൂപ വാർഷിക ധനകാര്യ പത്രികയിലെ ആർ പി 10 – ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും ഉഴവൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിയ്ക്കുന്നതുമായ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
പ്രവർത്തന ക്ഷമതാ റിപ്പോർട്ട്		2012-13	3-1-5	തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തീർപ്പാക്കിയിട്ടില്ല
2014-15	2-1, 2-4	2016-17	അനുബന്ധം 3	വസ്തുനികുതി	
2014-15	2-2, 2-3	2016-17	അനുബന്ധം 4	തൊഴിൽനികുതി	
2015-16	2-7	2016-17	അനുബന്ധം 5	തൊഴിൽനികുതി	

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	53766916.00
റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	31404403.00
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	3480250/-

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	3020100/-	സുനിൽ എസ്, സെക്രട്ടറി
1-24	10150/-	ഫേബ എം. ജോസ്, ഹെഡ്മിസ്ട്രസ്
1-25	200000/-	ഫേബ എം. ജോസ്, ഹെഡ്മിസ്ട്രസ്
1-26	250000/-	ഡോ. ഡാനി ഫെർഡിനന്റ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)
ആകെ	3480250/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്ന പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1998-99	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(2)/18/08.02.2018	1
1999-2000, 2001-02(പ്ലാൻ)	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(2)/22/02.08.2022	3
2003-04	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(3)/22/02.08.2022	1
2007-08	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(6)/22/02.08.2022	1
2009-10, 2010-11	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1122/22/02.08.2022	7
2011-12	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1121/22/02.08.2022	5
2012-13	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1123/22/02.08.2022	7
2013-14, 2014-15	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1118/22/02.08.2022	6
2015-16	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1119/22/02.08.2022	4
2016-17	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1120/22/02.08.2022	5
2017-18	കെ.എസ്.എ-കെ.ടി.എം.പി.4/1848/19/24.04.2019	22
2018-19	കെ.എസ്.എ-കെ.ടി.എം.പി.4/107/2020/08.06.2020	29
2019-20	കെ.എസ്.എ-കെ.ടി.എം.പി.4/2551/22/10.04.23	6
2020-21	കെ.എസ്.എ-കെ.ടി.എം.പി.4/2550/22/31.03.23	13
2021-22	കെ.എസ്.എ-കെ.ടി.എം.പി.4/2280/22/10.04.23	23
2022-23	കെ.എസ്.എ-കെ.ടി.എം.പി.4/1412/2023/16.03.2024	14

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 03-05-2024 and submitted on 10-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Uzhavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Uzhavoor Grama Panchayat as on 31-03-2024

Date: 12/08/2024

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Uzhavoor Grama Panchayat for the Year 2023-2024.

1.Major Observations

1. General Fund Details not maintained. Source Data not available for the value of total general fund as on 31/03/2024.

2. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

3. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

2.Other Observations

1. Road asset value of previous years is adjusted as Prior Period Income for the current year

2. Maintanance Grant (Road) - Expenditure and balance amount shown in ACR is not correct.

3. Mismatch in the balance of CFC grant recorded in B4 schedule and RP 40(b) schedule.

4. Capital Work in Progress accounting and adjustment details and data not provided.

5. Adequate provision not provided for doubtful debts.

6. Government and other dues register not maintained.

7. DCB of Rent do not match with AFS.

8. Mandatory financial statements such as ratios, notes on account are not included in AFS.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്